

# നോമ്പ് ഒന്നാം ശനി - മത്താ 6: 9-15

ഈശോ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച അതിവിശിഷ്ടമായ പ്രാർത്ഥനയാണ് സ്വർഗ്ഗസ്ഥനായ പിതാവേ എന്നത്. സുവിശേഷത്തിന്റെ സാരസംഗ്രഹമായ ഈ പ്രാർത്ഥനയിൽ ഒരുവൻ ദൈവത്തോട് ചോദിക്കേണ്ടവയെല്ലാം അടങ്ങിയിട്ടുണ്ട്. സ്വർഗസ്ഥനായ പിതാവേ എന്ന അഭിസംബോധനയെ തുടർന്ന് ഏഴ് അപേക്ഷകളാണുള്ളത്. ഇതിൽ ഇതിൽ മൂന്നെണ്ണം ദൈവവുമായി ബന്ധപ്പെട്ടതും (Thou petitions) ബാക്കി നാലെണ്ണം മനുഷ്യരുമായി ബന്ധപ്പെട്ടതുമാണ് (We petitions). ദൈവ-മനുഷ്യബന്ധമാണ് ഈ യാചനകളുടെ അടിസ്ഥാനം. ഇവ തമ്മിലുള്ള ബന്ധത്തെ ദൈവപ്രമാണങ്ങളിലെ രണ്ട് കല്പലകകൾ (tablets) തമ്മിലുള്ള ബന്ധത്തോടാണ് ബെനഡിക്റ്റ് പതിനാറാമൻ പാപ്പ ഉപമിക്കുന്നത്. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വിശദീകരണങ്ങളുമായിട്ടും ഇവയെ മനസ്സിലാക്കുന്നതാണെന്ന് ''നസ്രസ്സിലെ ഈശോ'' എന്ന ഗ്രന്ഥത്തിൽ ബെനഡിക്ട് പതിനാറാമൻ പാപ്പാ എഴുതുന്നു.

അങ്ങയുടെ രാജ്യം വരണമേ എന്ന് നമ്മൾ പ്രാർത്ഥിക്കുന്നു. അതായത് സ്വർഗരാജ്യം. മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം വന്നുകഴിഞ്ഞു എന്നു പ്രഘോഷിച്ചുകൊണ്ടാണ് ഈശോ പരസ്യജീവിതം ആരംഭിക്കുന്നത്. വാസ്തവത്തിൽ, ഈശോയുടെ ആഗമനത്തോടെ സ്വർഗരാജ്യം ഈ ഭൂമിയിൽ വന്നുകഴിഞ്ഞു. അന്നന്നുവേണ്ട ആഹാരം നല്കണമെയെന്നു നമ്മൾ പ്രാർത്ഥിക്കുന്നു. ക്രിസ്തീയ ജീവിതത്തിന് ആദ്ധ്യാത്മികവും ഭൗതീകവുമായ അപ്പം ആവശ്യമാണ്. ഭൗതീകമായ അപ്പം ശാരീരികജീവന്റെ പോഷണത്തിനും സ്വർഗീയ അപ്പം ആദ്ധ്യാത്മിക ജീവന്റെ പോഷണത്തിനും ആവശ്യമാണ്.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്